# വനമഹോൽസവം

■ എസ്. കമറുദ്ദീൻ

അതിരാണിക്കാട്ടിൽ ഇപ്പോൾ വനമഹോൽസവമാണ്. കാടിന്റെ ഐക്യം വീണ്ടെടുക്കാനാണീ ഉൽസവം. പണ്ട് അതിരാണി ഒരൊറ്റക്കാടായിരുന്നു. കാടിന്റെ നടുവിലൂടെ മരം മുറിച്ച്, കുഴി നികത്തി, മലയിടിച്ച്, വലിയൊരു റോഡ് വന്നു. പിന്നെ അതിരാണി തെക്കും വടക്കുമായി മുറിഞ്ഞു. തെക്കു നിന്ന് വടക്കു ഭാഗത്തേക്ക് കുടുംബ സന്ദർശനത്തിന് പോയ ഹിഡുംബൻ പെരുമ്പാമ്പ്, ചിലമ്പൻ കുരങ്ങ്, എന്തിനേറെ രാത്രിയിൽ വളരെ പതുങ്ങി സഞ്ചരിക്കുന്ന ഊശാൻ കരിമ്പൂച്ചയടക്കം എത്രപേർ വാഹനമിടിച്ച് മരിച്ചു...!

ചിലമ്പൻ തെക്കനതിർത്തിയിൽ നിന്ന് ചാടുമ്പോൾ കൈവിട്ട് താഴെ വീണ് മരിച്ചതാണെന്നും പറയപ്പെടുന്നു. പിന്നെയാരും അങ്ങോട്ടുമിങ്ങോട്ടും പോകാതെയായി. പരസ്പരം അറിയാതെയായി. അതിരാണിക്കാട് ഒന്നായിരുന്നുവെന്ന സന്ദേശം പുതിയ തലമുറക്ക് കൈമാറാനാണ് ഇപ്പോൾ അതിരാണി മഹോൽസവം നടക്കുന്നത്. തെക്കുനിന്ന് അഴകൻ മയിലിന്റെ നൃത്തത്തിന് പശ്ചാത്തല സംഗീതം നൽകുന്നത് വടക്കുനിന്ന് മാലിനി കുയിലാണ്. അഴകൻ രാവിലെ തന്നെ ഒരുങ്ങി. പീലികൾ ഓരോന്നായി തുടച്ച് വൃത്തിയാക്കി, മനോഹരമാക്കി. നേരത്തെയെത്തിയാൽ ഒരു റിഹേഴ്സലാകാം. മാലിനിയുടെ പാട്ടുകൾ കേട്ടിട്ടുണ്ടെന്നല്ലാതെ ആളെ പരിചയമില്ല. ഇന്നലെ ഫോറസ്റ്റ് ബുക്കിൽ തപ്പി കൂടുതൽ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തന്റെ നൃത്തം ഇതുവരെ കണ്ടിട്ടില്ലാത്ത വടക്കൻ അതിരാണിക്കാരുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള ആവേശത്തിലായിരുന്നു അഴകൻ.

തെക്കൻ കാടിന്റെ അതിർത്തിയിൽ 'ഹൈവേ മുറിച്ചു കടക്കരുത്' എന്ന ശാസനയും കടന്ന് റോഡിലേക്ക് കടക്കാൻ ശ്രമിച്ചതാണ് അഴകൻ. പുതുതായി പണിത കമ്പിവേലികളിലൂടെ ഊർന്നിറങ്ങുമ്പോൾ ഒരു വലിയ വാഹനം വളരെ വേഗത്തിൽ കടന്നുപോയി. പേടിച്ചുപോയ അഴകൻ പിറകിലേക്ക് ചാടി. കമ്പിവേലിയിൽ ഉടക്കി, പീലിക്കണ്ണുകൾ ആകാശത്തേക്ക് പറന്നുയർന്നു. അഴകൻ



മലയാളത്തിലെ ആദ്യത്തെ ചെറുകഥ– വാസനാവികൃതി–1891, വേങ്ങയിൽ കുഞ്ഞിരാമൻ നായർ

നോക്കിനിൽക്കെ അത് നാലുപാടും ചിതറി.

സങ്കടവും അപമാനവും കൊണ്ട് തളർന്ന അഴകൻ, ഒരു മരച്ചുവട്ടിൽ ചുരുണ്ടിരുന്നു. തന്റെ സ്വപ്നങ്ങളൊക്കെ തകർന്നിരിക്കുന്നു..! അതിരാണിയിലെ വനമഹോൽസവത്തിന് ഇനി തന്റെ നൃത്തമുണ്ടാകില്ല! അഴകന്റെ ദുഃഖം കണ്ട് മരമുകളിൽ നിന്ന് വന്ന ഉജ്ജ്വലനെന്ന മലയണ്ണാന്, അഴകൻ പറയാതെ തന്നെ കാര്യം മനസ്സിലായി. എവിടെയൊക്കെയാണ് പീലിക്കണ്ണുകൾ പാറിപ്പറന്നത്... മരമുകളിൽ നിന്ന് അവൻ നോക്കി. പാതയോരത്തുള്ളവ ഒന്നൊന്നായി ശേഖരിച്ചു. ബാക്കി ശേഖരിക്കാൻ കൂട്ടുകാർക്ക് സന്ദേശം നൽകി. മരത്തലപ്പിലിരുന്നത് കുഞ്ഞിക്കുരുവികൾ എടുത്തുനൽകി. മുളങ്കാടിലിരുന്നത് കുളക്കോഴികൾ തപ്പിയെടുത്തു. കുളത്തിൽനിന്ന് തവളകൾ മുങ്ങിയെടുത്തു. എല്ലാം വൃത്തിയാക്കി അഴകൻ മയിലിനെ ഉടുപ്പിച്ചു. ഒന്ന്.. ഒന്നുകൂടി വേണം. പരതിനോക്കിയിട്ട് കണ്ടില്ല. അപ്പോഴതാ പീലിക്കണ്ണുമായി തിത്താലി പൂമ്പാറ്റ.. പുൽമേട്ടിൽ നിന്ന് കണ്ടെടുത്തതാണ്.

അഴകന് സന്തോഷമായി. ഉജ്ജ്വലൻ അഴകനെ സുരക്ഷിതമായി അതിർത്തി കടത്തി.

നൃത്തം കാണാൻ വരാനാവില്ല, എഫ്.ട്യൂബിൽ ഇട്ടേക്കണേയെന്ന് ഉജ്ജ്വലൻ. സന്തോഷത്താൽ തലയാട്ടി അഴകൻ വനമഹോൽസവത്തിന്റെ ബഹളത്തിലേക്ക് നീങ്ങി.

## പുസ്തകങ്ങളുടെ തമ്പുരാൻ



പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്ത ശുചീകരണ തൊഴിലാളിയായ കൊളംബിയ സ്വദേശി ജോസ് ആൽബർട്ടോ ഗിറ്ററസ് ഉപേക്ഷിക്കപ്പെടുന്ന പുസ്തകങ്ങൾ ശേഖരിച്ച് വലിയ ലൈബ്രറികൾ സ്ഥാപിച്ച് പ്രശസ്തനായ വ്യക്തിയാണ്. ഇരുപത്തി അയ്യായിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി ഉടമയായ അദ്ദേഹം വിളിക്കപ്പെടുന്നത് പുസ്തകങ്ങളുടെ തമ്പുരാൻ (The Lord of books) എന്നാണ്. ശുചീകരണ തൊഴിലാളി ആയതിനാൽ മറ്റുള്ളവർ വായിച്ച് ഉപേക്ഷിക്കുന്ന പുസ്തകങ്ങൾ അദ്ദേഹത്തിൽ വന്നു ചേരും. വൃത്തിയാക്കുന്നതിനിടെ ലഭിക്കുന്ന പുസ്തകങ്ങൾ ശേഖരിക്കുകയും ഒരു ലൈബ്രറിയായി ക്രമീകരിക്കുകയുമായിരുന്നു. 20 വർഷങ്ങൾക്ക് മുമ്പ് ടോൾസ്റ്റോയിയുടെ അന്ന കരനീനയുടെ ഒരു പതിപ്പ് ലഭിച്ചതോടെയാണ് ജോസ് പുസ്തക ശേഖരണത്തിന് തുടക്കം കുറിച്ചത്. കൊളംബിയയിലെ പല സ്കൂളുകളും പുസ്തകങ്ങൾക്കായി ഇദ്ദേഹത്തെ സമീപിക്കാറുണ്ട്. അദ്ദേഹത്തിന്റെ ഈ സംരംഭത്തെ പറ്റി കേട്ടറിഞ്ഞവർ ലൈബ്രറി സന്ദർശിക്കാനും പുസ്തകങ്ങൾ സൗജന്യമായി നൽകാനും തുടങ്ങി. ആദ്യമൊക്കെ അയൽവാസികളും അടുത്ത കൂട്ടുകാരും പുസ്തകങ്ങൾ ആവശ്യപ്പെട്ട് ഇദ്ദേഹത്തിന്റെ അടുത്തെത്തുകയായിരുന്നു. പിന്നീട് ആവശ്യക്കാരേറുകയും ഒരു സൗജന്യ ലൈബ്രറിയായി മാറ്റുകയുമായിരുന്നു.

സിറോസിസ് എന്ന രോഗം ഏത് അവയവത്തെ ബാധിക്കുന്നതാണ്– കരൾ